കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 04 വ്യാഴം

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>

Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>

ഊർജ്ജമായത് സഹപ്രവർത്തകരുടെ പിന്തുണ : ജില്ലാ കളക്ടർ ടി വി അനുപമ

സഹപ്രവർത്തകരുടെ ഉറച്ച പിന്തുണയാണ് പ്രളയമുൾപ്പെടെയുള്ള സന്നിഗ്ദ്ധ ഘട്ടങ്ങളിൽ ജില്ലയെ നയിക്കാൻ തനിക്ക് ഊർജ്ജമായതെന്ന് ജില്ലാ കളക്ടർ ടി വി അനുപമ പറഞ്ഞു. സ്ഥാനമൊഴിയുന്ന വേളയിൽ കളക്ടറേറ്റ് ജീവനക്കാർ നൽകിയ യാത്രയപ്പിന് മറുപടി പറയുകയായിരുന്നു അവർ. കളക്ടറേറ്റ് ജീവനക്കാരുടെ സംഘടനയായ കോസ്റ്റിന്റെ ആഭിമുഖ്യത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലായിരുന്നു യാത്രയയപ്പ്. എഡിഎം റെജി പി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി കളക്ടർമാരായ എസ് വിജയൻ, പി അനിൽകുമാർ, ജെസിക്കുട്ടി മാത്യു, ആർഡിഒ പി എ വിഭൂഷണൻ, ഫിനാൻസ് ഓഫീസർ പി ജെ തോമസ്, തഹസിൽദാർ സി എസ് രാജേഷ്, മറ്റ് ജീവനക്കാർ എന്നിവർ ആശംസ നേർന്നു. ജീവനക്കാരുടെ ഉപഹാരം എഡിഎം സമ്മാനിച്ചു. കോസ്റ്റ് സെക്രട്ടറി ആശ ഇഗ്നേഷ്യസ് സ്വാഗതവും സീനിയർ ക്ലാർക്ക് സി ഡി യാമിനി നന്ദിയും പറഞ്ഞു.

(നേരത്തെ അയച്ച വാർത്ത തിരുത്തി അയ്ക്കുന്നു)

എസ്. ഷാനവാസ് ജില്ലാ കളക്ടറായി ഇന്ന് (ജൂലൈ അഞ്ച്) ചുമതലയേൽക്കും

തൃശൂർ ജില്ലാ കളക്ടറായി നിയമിതനായ എസ്. ഷാനവാസ് ഇന്ന് (ജൂലൈ അഞ്ച്) രാവിലെ 9.30ന് കളക്ടറേറ്റിലെത്തി ചുമതലയേൽക്കും. സഹകരണ വകുപ്പ് രജിസ്ട്രാർ ആയിരിക്കേയാണ് തൃശൂർ ജില്ലാ കളക്ടറാവുന്നത്. കോട്ടയം ജില്ലയിലെ മുണ്ടക്കയം സ്വദേശിയാണ്. സോഷ്യോളജിയിലും ബിസിനസ് മാനേജ്മെൻറിലും ബിരുദാനന്തര ബിരുദധാരിയായ അദ്ദേഹം 2006ൽ എറണാകുളം ജില്ലയിൽ ഡെപ്യൂട്ടി കളക്ടറായി ജോലിയിൽ പ്രവേശിച്ചു. 2016ൽ തൃശൂർ ജില്ലയിൽ ദേശീയപാത സ്ഥലമെടുപ്പ് വിഭാഗം ഡെപ്യൂട്ടി കളക്ടറായിരിക്കേയാണ് ഐ.എ.എസ് ലഭിച്ചത്. തുടർന്ന് ലോട്ടറി വകുപ്പ് ഡയറക്ടർ, നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നീ തസ്തികകളിൽ പ്രവർത്തിച്ചു. പിതാവ്: ബി. ഷംസുദ്ദീൻ ആലപ്പുഴ, എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ടായിരുന്നു. മാതാവ്: പി.എ. റഹീമ ബീവി. ഭാര്യ: ജസീന. മക്കൾ: ആമേൻ, റൈഹാൻ.